# CHAIR FOR CHRISTIAN STUDIES

UNIVERSITY OF CALICUT

## HCC - I ANNUAL EXAMINATION 2023-24

HCC I

Total Marks : 80

Reg. No :

Time : 2 Hrs

---

**Part I**

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **10 x 1 = 10**

1. അദ്ധ്വാനത്തിന്റെ മഹത്വവും ദൈവശാസ്ത്രവും ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച ചാക്രികലേഖനം.
2. ബാലവേലയുടെ മുഖ്യകാരണം.
3. മനുഷ്യരക്ഷയ്ക്കുള്ള ഏക മദ്ധ്യസ്ഥൻ.
4. "എന്റെ ദൈവമേ, എന്റെ സർവ്വസ്വമേ" ആരുടെ വാക്കുകൾ?
5. എവിടെവെച്ചാണ് ക്രിസ്തുവിൽ വിശ്വസിച്ചവർ ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെട്ടത്?
6. വിവാഹബന്ധത്തെ ഏതു ബന്ധത്തോടാണ് പൗലോസ് ശ്ലീഹാ ഉപമിക്കുന്നത്?
7. യഹൂദമതജീവിതത്തിന്റെ സിരാകേന്ദ്രം
8. മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണ്ണായക ശക്തി
9. യുവജന മദ്ധ്യസ്ഥൻ
10. "നിങ്ങളുടെ അലമാരയിൽ നിങ്ങൾ സൂക്ഷിച്ചിരിക്കുന്ന അപ്പം നിങ്ങളുടേതല്ല, അത് വിശക്കുന്ന വരുടേതാണ്." പറഞ്ഞതാർ?

**വചനം പൂർത്തിയാക്കാം.** **5 x 1= 5**

11. "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് .................................."(മത്താ. 5:16)
12. "............................ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല." (സങ്കീ. 23:1)
13. "അദ്ധ്വാനിക്കാത്തവൻ .................." (2 തെസ. 3:10)
14. "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട ......................" (യോഹ. 14:1)
15. "നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ ....................... അതുമൂലം എല്ലാവരും അറിയും." (യോഹ. 13:35)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **7 x 2= 14**

16. ഈശോ പാപികളുടെ സ്നേഹിതനാണെന്ന് വ്യക്തമാക്കുന്ന ഏതെങ്കിലും രണ്ട് ബൈബിൾ സന്ദർഭങ്ങളെഴുതുക.
17. ദശാംശം നൽകുന്നതിന്റെ ഉദ്ദേശ്യമെന്ത്?
18. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ ശ്രദ്ധിക്കേണ്ട ഏതെങ്കിലും രണ്ട് കാര്യങ്ങൾ എഴുതുക?
19. സാമൂഹിക തിന്മകൾക്കെതിരെ സംഘടനാപരമായി എങ്ങനെ പ്രതികരിക്കാം?

20. ലൈംഗികത ദൈവദാനമാണെന്നു പറയാൻ കാരണമെന്ത്?

21. അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ എന്നാലെന്ത്?

22. ക്രിസ്തീയ ജീവിത മനോഭാവത്തിന്റെ 4 സവിശേഷതകൾ ഏവ?

**ഉത്തരമെഴുതുക.** **4 x 4= 16**

23. രാഷ്ട്രത്തിനു നികുതി നൽകുന്നത് പൗരന്റെ കടമയാണ്. വ്യക്തമാക്കുക.

24. ലോകത്തിന്റെ പ്രകാശമായ ഈശോയെപ്പോലെ നമ്മുടെ ജീവിതത്തിൽ എപ്രകാരം മറ്റുള്ളവർക്ക് വഴികാട്ടുവാൻ സാധിക്കും?

25. ജീവസംസ്കാരം വളർത്താൻ നാം എന്തെല്ലാം ചെയ്യണം?

26. വ്യക്തികൾ എന്ന നിലയിൽ സ്ത്രീയും പുരുഷനും തുല്യരാണോ? പ്രതികരണം തയ്യാറാക്കുക.

**ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക.** **1 x 5= 5**

27. മാധ്യമദുരുപയോഗം ഒരു സാമൂഹ്യതിന്മയാണ്. സമർത്ഥിക്കുക.

**ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **1 x 10= 10**

28. 'അദ്ധ്വാനം ദൈവാരാധനയും നമ്മുടെ കടമയുമാണ്'. വിശദീകരിക്കുക.

*അല്ലെങ്കിൽ*

ക്രിസ്തുശിഷ്യൻ ലോകത്തിന്റെ പ്രകാശമാകാൻ വിളിക്കപ്പെട്ടവനാണ്. ഉപന്യസിക്കുക.

## Part II

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5 x 1= 5**

29. മാതാവും ഗുരുനാഥയും എന്ന ചാക്രികലേഖനം എഴുതിയ പാപ്പ.

30. ചാക്രികലേഖനം എഴുതുന്ന ഭാഷ.

31. ഫ്രാൻസിസ് പാപ്പയുടെ പ്രഥമ ചാക്രികലേഖനം.

32. മാർപാപ്പ ആയതിന്റെ രജതജൂബിലി വർഷത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പ ദിവ്യകാരുണ്യത്തെക്കുറിച്ച് എഴുതിയ ചാക്രികലേഖനം.

33. സത്യത്തിന്റെ പ്രഭ എന്ന ചാക്രികലേഖനത്തിന്റെ ഉള്ളടക്കം.

**ഉത്തരമെഴുതുക.**

34. ദുഃഖത്തിന്റെ 5-ാം രഹസ്യം എഴുതുക. **3**

35. സത്യസഭയുടെ ലക്ഷണങ്ങൾ എഴുതുക. **4**

36. "സഭക്കു പുറമേ രക്ഷയില്ല" എന്നതിന്റെ അർത്ഥമെന്താണ്? **4**

37. പരിണാമ സിദ്ധാന്തത്തിൽ സഭയുടെ കാഴ്ചപ്പാട് ഫ്രാൻസിസ് മാർപാപ്പയുടെ നിലപാടിന്റെ അടിസ്ഥാനത്തിലാണോ? **4**